# HTML

1. അടുത്തവർഷത്തെ ജില്ലാ സ്കൂൾ കലോൽസവം നിങ്ങളുടെ സ്കൂളിൽവച്ച് നടത്താൻ ഉദ്ദേശിക്കുന്നു. അതിനായി ഉണ്ടാക്കേണ്ട വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ഒരു വെബ്പേജ് തയ്യാറാക്കുക. നിങ്ങളുടെ രജിസ്റ്റർ നമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ വെബ്പേജ് ആയി സേവ് ചെയ്യുക.

   ടൈറ്റിൽബാറിൽ ജില്ലയുടെ പേര് വരണം.

   DISTRICT SCHOOL KALOLSAVAM 2009 എന്നത് പേജിന്റെ മദ്ധ്യഭാഗത്ത് രണ്ട് വരികളിലായി തലവാചകമായി ചേർക്കണം.

   കലോൽസവ ലോഗോ ഉൾപ്പെടുത്തേണ്ടതാണ്. ലോഗോ Home-ലെ Images10 എന്ന ഫോൾഡറിൽ ലഭ്യമാണ്.

   വെബ്പേജിന് അനുയോജ്യമായ പശ്ചാത്തലനിറം നൽകി ആകർഷകമാക്കുക.

***മൂല്യനിർണയ സൂചിക***

1. ടൈറ്റിൽബാറിൽ ജില്ലയുടെ പേര് ഉൾപ്പെടുത്തുന്നതിന് - 1 സ്കോർ
2. തലവാചകം നൽകി മദ്ധ്യഭാഗത്ത് ക്രമീകരിക്കുന്നതിന് - 1 സ്കോർ
3. തലവാചകം രണ്ട് വരികളിലായി നൽകിയാൽ - 1 സ്കോർ
4. ലോഗോ ഉൾപ്പെടുത്തുന്നതിന് - 1 സ്കോർ
5. അനുയോജ്യമായ പശ്ചാത്തലനിറം നൽകുന്നതിന് - 1 സ്കോർ
6. വെബ്പേജായി സേവ് ചെയ്യുന്നതിന് - 1 സ്കോർ

2. സ്കൂൾ ഐ.ടി ക്ലബിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നടത്തുന്ന വെബ്പേജ് നിർമ്മാണ മത്സരത്തിലേക്ക് താഴെപ്പറയുന്ന പ്രത്യേകതകളുള്ള ഒരു വെബ്പേജ് നിർമ്മിച്ച് നിങ്ങളുടെ രജിസ്റ്റർ നമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ സേവ് ചെയ്യുക.

   വലതുനിന്നും ഇടത്തോട്ട് ചലിക്കുന്ന രീതിയിൽ തലവാചകമായി സ്കൂളിന്റെ പേര്

   Home ലെ images10 എന്ന ഫോൾഡറിലെ സ്കൂളിന്റെ ചിത്രം ഉൾപ്പെടുത്തി അനുയോജ്യമായ പശ്ചാത്തലനിറം വെബ്പേജിന് നൽകുക.

   IT CLUB എന്ന വാക്കിൽ ക്ലിക്ക് ചെയ്യുമ്പോൾ Home-ലെ ഐ.ടി ക്ലബ്ബ് എന്ന വെബ്പേജ് തുറന്നുവരുന്ന രീതിയിൽ ക്രമീകരിക്കുക.

***മൂല്യനിർണയ സൂചിക***

1. സ്കൂളിന്റെ പേര് തലവാചകമായി നൽകുന്നതിന്- 1 സ്കോർ
2. ലിങ്ക് നൽകുന്നതിന് - 1 സ്കോർ
3. Marquee നൽകുന്നതിന് - 1 സ്കോർ
4. ചിത്രം ഉൾപ്പെടുത്താൻ - 1 സ്കോർ
5. അനുയോജ്യമായ പശ്ചാത്തലനിറം നൽകുന്നതിന് - 1 സ്കോർ
6. വെബ്പേജായി സേവ് ചെയ്യുന്നതിന് - 1 സ്കോർ

3. NO

   NEVER

   NO WHERE

   NO WAR

ഹിരോഷിമ ദിനാചരണത്തിന്റെ ഭാഗമായി നിങ്ങളുടെ സ്കൂളിൽ യുദ്ധത്തിനെതിരെ തയ്യാറാക്കുന്ന ഒരു വെബ്പേജിലെ വരികളാണിവ. അക്ഷരങ്ങൾ ബോൾഡ് ആക്കി വ്യത്യസ്ത നിറത്തിൽ വ്യത്യസ്ത വരികളിൽ ഇവ പേജിന്റെ മദ്ധ്യഭാഗത്ത് പ്രദർശിപ്പിക്കണം. പശ്ചാത്തലനിറം നൽകുക. നിങ്ങളുടെ രജിസ്റ്റർ നമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ വെബ്പേജ് ആയി സേവ് ചെയ്യുക.

***<u>മൂല്യനിർണയ സൂചിക</u>***

1. Text നിർദ്ദേശിച്ച രീതിയിൽ ഉൾപ്പെടുത്തുന്നതിന് - 1 സ്കോർ
2. Line Break നൽകുന്നതിന് - 2 സ്കോർ
3. പശ്ചാത്തലനിറം നൽകുന്നതിന് - 1 സ്കോർ
4. അക്ഷരത്തിന് നിറം നൽകുന്നതിന് - 1 സ്കോർ
5. വെബ്പേജായി സേവ് ചെയ്യുന്നതിന് - 1 സ്കോർ